**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2651** **13-02-2024 - ൽ മറുപടിയ്ക്ക്**

**ശ്രീകണ്ഠാപുരം സബ്ട്രഷറി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ മണ്ഡലത്തിലെ ശ്രീകണ്ഠാപുരം സബ്ട്രഷറിക്ക് വേണ്ടിയുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ; | (എ) | ശ്രീകണ്ഠാപുരം സബ്ട്രഷറി നിർമ്മിക്കുന്നതിനായി സ്വകാര്യ വ്യക്തി ഭൂമി ദാനമായി നൽകിയിരുന്നു. ട്രഷറി കെട്ടിട നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികളുടെ ഭാഗമായി PMC ആയ M/s HLL Life Care Limited സൈറ്റ് സന്ദർശിക്കുകയും വെള്ളപ്പൊക്കമുണ്ടാകാൻ സാധ്യതയുള്ള ഭൂമിയായതിനാൽ ട്രഷറി കെട്ടിടം നിർമ്മിക്കുന്നത് ഉചിതമല്ലെന്ന് റിപ്പോർട്ട് ചെയ്യുകയും ചെയ്തു. ആയതിനാൽ ശ്രീകണ്ഠാപുരം സബ്ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിന് ഉചിതമായ മറ്റൊരു സ്ഥലം കണ്ടെത്തുന്നതിനാവശ്യമായ നടപടികൾ ട്രഷറി വകുപ്പ് സ്വീകരിച്ചു വരികയാണ്. ഭൂമി ലഭ്യമാകുന്ന മുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | കെട്ടിട നിർമ്മാണത്തിന് പുതിയ നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | മറുപടി ‘എ’ പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ